പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2132 **26-10-2026-ൽ മറുപടിയ്ക്ക്**

മാവേലിക്കര പുതിയകാവ് ക്ഷേത്രക്കുളം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) മാവേലിക്കര മണ്ഡലത്തിലെ പുതിയകാവ് ക്ഷേത്രക്കുളം നിർമ്മാണത്തിന് 2024-25 ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മാവേലിക്കര നിയോജക മണ്ഡലത്തിലെ പുതിയകാവ് ക്ഷേത്രക്കുളം നിർമ്മാണത്തിന് 2024-25 വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് .

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: 2024-25 വർഷത്തെ സംസ്ഥാന പൊതു ബജറ്റിന്റെ അനുബന്ധം II, വാല്യം II-ൽ ക്രമ നമ്പർ 1029 ആയി ഉൾപ്പെടുത്തിയിട്ടുള്ള ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയിലെ ' Renovation Works to Puthiyakavu Temple Pond in Mavelikkara Munici pality (Second Stage) എന്ന പ്രവൃത്തിയ്ക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ 13.07.2026-ന് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്; പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിച്ച് വരുന്നു. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ